LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൊഴിലാളി യൂണിയനുകൾ

67 [2194] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര തൊഴിലാളി യൂണിയനുകൾ നിലവിലുണ്ട് എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തൊഴിലാളി യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 11478.

(ബി) 447.

റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ റബ്ബർ തോട്ടങ്ങളിൽ ദിവസേന ടാപ്പിംഗ് നടത്താൻ നടപടി

68 [2195] ശ്രീ. കെ. ബി. ഗണേഷ്കുമാർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ റബ്ബർ തോട്ടങ്ങളിൽ ദിവസേന ടാപ്പിംഗ് നടക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കാമോ;

(സി) റബ്ബറിന്റെ വില കൂടിയിരിക്കുന്ന സാഹചര്യത്തിൽ ടാപ്പിംഗ് നടക്കാതിരിക്കുന്നതുമൂലം നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയെന്നും ഇത് പരിഹരിക്കുവാൻ എന്തുനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത തോട്ടങ്ങളിൽ ടാപ്പിംഗ് തൊഴിലാളികളുടെ കുറവ് വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസിലെ തോട്ടങ്ങളിൽ ദിവസേന ടാപ്പിംഗ് നടക്കുന്നുണ്ട്. എന്നാൽ തോട്ടത്തിലെ തൊഴിലാളികൾ താമസിക്കുന്ന കോളനികളിലുള്ള കല്ല്യാണം, മരണം, അമ്പലത്തിലെ ഉത്സവം എന്നിവ പ്രമാണിച്ച് തൊഴിലാളികൾ പൊതു ആവശ്യങ്ങൾക്കായി ഹാജരാകാതിരിക്കുന്ന അപൂർവ്വം ചില ദിവസങ്ങളിൽ ഏതാനും ടാസ്ക്കുകളിൽ ടാപ്പിംഗ് മുടങ്ങാറുണ്ട്.